15. ഉത്തരാധുനികതയുടെ പ്രധാന സ്വഭാവങ്ങളും പ്രവണതകളും വിജയലക്ഷ്മിയിലും, സാവിത്രിരാജീവനിലും, ടി. പി. രാജീവനിലും, പി.പി. രാമചന്ദ്രനിലും, അൻവർ അലിയിലും, റഫീക് അഹമ്മദിലും പ്രവർത്തിച്ചതെങ്ങനെയെന്ന് ഉപന്യസിക്കുക.

16. സമകാലകവിതയുടെ കുതിപ്പുകളെക്കുറിച്ചും വൈവിധ്യങ്ങളെക്കുറിച്ചും എഴുതുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ

## ജൂൺ - 2022

## MULS2102

## എം. എ. സാഹിത്യപഠനം

## ആധുനിക സമകാലകവിത

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇടശ്ശേരിക്കവിതകളുടെ മുഖ്യ സവിശേഷതകൾ?
2. 'പാട്ടുകെട്ടിയ കൊട്ട' ആരുടെ കവിത?
3. 'ഓഷ്‌വിറ്റിനുശേഷം കവിതയില്ല' എന്നു പറഞ്ഞതാര്?
4. *'നീ തന്ന സസ്യശാസ്ത്രത്തിന്റെ പുസ്തകം*
   *എനിക്ക് പ്രേമകാവ്യമായിരുന്നു'*

   ഈ വരികളുടെ പിൻ വരികളോ ഈ വരികളെഴുതിയ കവിയുടെ മറ്റ് രണ്ടു കവിതകളുടെ പേരോ പരാമർശിക്കുക.
5. കെ. ജി. എസിന്റെ 'ബംഗാളിൽ' നിന്നുള്ള നാലുവരികൾ എഴുതുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. *"മയങ്ങാറുണ്ടാവില്ലവളോളം*
   *വൈകിയൊരു നക്ഷത്രവും*
   *ഒരൊറ്റ സൂര്യനുമവളെക്കാൾ*
   *നേർത്തെ പിടഞ്ഞെണീറ്റില്ല"*

   – ഈ വരികളിലെ ആശയം മലയാളത്തിലെ ഇതര പെൺകവികൾ ആവിഷ്കരിച്ച കാവ്യവബോധവുമായി താരതമ്യം ചെയ്യുക.
7. *"പുതുവഴി നീ വെട്ടന്നാകിൽ*
   *പലതുണ്ടെ ദുരിതങ്ങൾ"!*

   – എന്താണാദുരിതങ്ങൾ? കാരണമെന്ത്?



8. എൻ. വി. കൃഷ്ണവാര്യരുടെ 'ഗാന്ധിയും ഗോഡ്സെയും എന്ന കവിത സമകാലികമാകുന്നതെങ്ങനെ? കാലികമായ ഇന്ത്യൻ അവസ്ഥ ആ കവിതയിൽ എത്രമാത്രം പ്രതിഫലിക്കുന്നു.
9. ജി. ശങ്കരക്കുറിപ്പ്, ചങ്ങമ്പുഴ, പി., വൈലോപ്പിള്ളി, ഇടശ്ശേരി – ഇവരുടെ കാവ്യഭാവുകത്വത്തിൽ നിന്ന് മാറി ബാലാമണിയമ്മയുടെ കവിതകളുടെ രാഷ്ട്രീയം വേറിട്ടു നിൽക്കുന്നതെങ്ങനെ?
10. മലയാളകവിതയിലെ ആധുനികത രൂപപ്പെട്ടതെങ്ങനെ? ഉദാഹരണസഹിതം വ്യക്തമാക്കുക.
11. 1960–കളോടെ മലയാളകവിതയിൽ കടന്നുവന്ന പുതുതരംഗങ്ങളെ അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, കടമ്മനിട്ട, ആറ്റൂർ എന്നിവരെ അടിസ്ഥാനമാക്കി അപഗ്രഥിക്കുക.
12. മഹാഭാരതത്തിലെ നിഷാദനായ ഏകലവ്യനെയും, കടമ്മനിട്ടയുടെ കാട്ടാളനെയും താരതമ്യപ്പെടുത്താൻ സാധിക്കുമോ? പരിശോധിക്കുക.
13. S. ജോസഫ്, രേണുകുമാർ, അനിതാതമ്പി എന്നിവരുടെ കാവ്യദർശനത്തെക്കുറിച്ചെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ചങ്ങമ്പുഴയുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന കാൽപ്പനികത ഒരുതരം രോഗാവസ്ഥ കൂടിയായിരുന്നോ? കേസരി ബാലകൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങൾ അടിസ്ഥാനമാക്കി വിവരിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU LS 2103

**എം. എ. സാഹിത്യപഠനം**

# മലയാള നോവൽ

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഏതെങ്കിലും രണ്ട് മിഷണറി മലയാളനോവലുകളുടെ പേരെഴുതുക?
2. എന്താണ് സോഷ്യലിസ്റ്റ് റിയലിസം?
3. ആധുനികത (Modernity) ആധുനികതാവാദം (Modernism) ഇവയെ എങ്ങനെ നിർവചിക്കാം?
4. 'സ്മാരകശിലകൾ' പ്രസിദ്ധീകരിച്ച വർഷം?
5. ലിംഗം (Sex) ലിംഗപദവി (Gender) എന്നീ സങ്കൽപ്പനങ്ങളെ എങ്ങനെ നിർവചിക്കാം.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ആധുനികതയുടെ സാഹിത്യരൂപമാണ് നോവൽ' ചർച്ച ചെയ്യുക.
7. 'ജാതിയും കൊളോണിയൽ ആധുനികതയും' - സരസ്വതീ വിജയം മുൻനിർത്തി ഈ വിഷയത്തിൽ ഉപന്യസിക്കുക.
8. 'ഞാനെന്ന ആ ശബ്ദം ഒരു വലിയ 'ഞാനി' ന്റേതായിരുന്നു' സുന്ദരികളും സുന്ദരൻമാരും എന്ന നോവലിലെ വിശ്വം എന്ന കഥാപാത്രത്തിന്റെ പരിണാമസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവന വിശദീകരിക്കുക.
9. മലയാള നോവലിലെ ആധുനികതാവാദത്തിന്റെ പ്രാരംഭസൂചനകൾ 'ശബ്ദങ്ങൾ' എന്ന നോവലിൽ നിന്ന് കണ്ടെടുക്കാമോ? ചർച്ച ചെയ്യുക.



10. 'ഖസാക്കിലെ സമ്പദ്വ്യവസ്ഥ' എന്ന എൻ. എസ്. മാധവന്റെ ലേഖനത്തിലെ പാദമുഖങ്ങൾ ക്രോഡീകരിക്കുക.
11. മഞ്ഞിലെ വിമലയെ മുൻനിർത്തി നോവൽ ജനുസ്സിന്റെ പാത്രനിരൂപണ സാധ്യതകൾ ചർച്ച ചെയ്യുക.
12. പിതാമഹനിൽ ഹാസ്യം നിർമിക്കപ്പെടുകയും വിനിമയം ചെയ്യപ്പെടുന്നതുമെങ്ങനെ? വിമർശനബുദ്ധ്യാ ചർച്ച ചെയ്യുക.
13. സ്ത്രീയുടെയും പ്രകൃതിയുടെയും അഭേദ്യത 'മാറ്റാത്തി' ആവിഷ്കരിക്കുന്നതിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഫ്യൂഡൽ സമൂഹം ആധുനികതയിലേക്ക് പരിണമിക്കുന്നതിനെ 'ഇന്ദുലേഖ' ചിത്രീകരിക്കുന്നതെങ്ങനെ?
15. എസ്. കെ. പൊറ്റക്കാട്ടിന്റെ നോവലുകളുടെ ആഖ്യാനപരമായ സവിശേഷതകൾ' ഒരു തെരുവിന്റെ കഥ' മുൻനിർത്തി ചർച്ച ചെയ്യുക.
16. മാറ്റാത്തി, എൻമകജെ എന്നീ നോവലുകൾ മുൻനിർത്തി മലയാള നോവലുകളിലെ സ്ത്രീ-പരിസ്ഥിതി ദാർശനിക പരിസരങ്ങളെ കുറിച്ച് ഉപന്യസിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU LS 2104

## എം. എ. മലയാളം (സാഹിത്യപഠനം)

## ഭാഷാശാസ്ത്രം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പരപ്രത്യയത്തെ ഉദാഹരണ സഹിതം പരിചയപ്പെടുത്തുക.

2. സജാത ഭാഷകൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

3. വൈകൃത കക്ഷ്യാവിഭാഗത്തിൽ ഉൾപ്പെടുന്ന ഭാഷകളുടെ സവിശേഷത എന്താണ്?

4. വെങ്കല ഭാഷ രൂപപ്പെടുന്നതിന്റെ സാഹചര്യം എന്താണ്?

5. വാക്യം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ലീന ധ്വനികൾ എന്നാൽ എന്ത്?

7. സന്നിഹിത ഘടനാപഗ്രഥനത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

8. ഭാഷാശാസ്ത്രത്തിലെ താരതമ്യാത്മക വ്യതിരേകാത്മക അപഗ്രഥന രീതികൾ വിവരിക്കുക.

9. തരംഗ സിദ്ധാന്തം വിശദീകരിക്കുക.

10. മാനകഭാഷയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

11. ഭാഷയും ഭാഷണവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.



12. സ്വനം, സ്വനിമം എന്നിവയെക്കുറിച്ച് താരതമ്യാധിഷ്ഠിതമായി നിരൂപിക്കുക.

13. ഭാഷോൽപ്പത്തി സിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാഷകളുടെ കക്ഷ്യാപരമായ വർഗീകരണത്തെക്കുറിച്ച് ഉപന്യസിക്കുക.

15. ഏതെങ്കിലും ഒരു പ്രദേശത്തെ ഭാഷാ ഭേദത്തെ മുൻനിർത്തി ഭാഷാഭേദ പഠനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.

16. രചനാന്തരണ പ്രജനക വ്യാകരണത്തെ കുറിച്ച് ചർച്ച ചെയ്യുക..

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU LS 2105

## എം. എ. മലയാളം (സാഹിത്യപഠനം)

## സംസ്കൃതം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഭാസകവിയുടെ പതിമൂന്ന് കൃതികൾ ഏതൊക്കെ?
2. വൃദ്ധിസന്ധിക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക?
3. ഋതുസംഹാരം എഴുതിയതാര്?
4. 'അവ്യയം' എന്നാലെന്ത്?
5. ഗുണസന്ധിക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നദി ശബ്ദരൂപങ്ങൾ എഴുതുക?
7. സ്വരസന്ധികൾ എത്ര വിധം? ഉദാഹരണസഹിതം വിവരിക്കുക?
8. *നിവർത്തയാസ്മാദസദീപ്സി താന്മനഃ*
   *ക്വ തദ്വിധസ്ത്വം ക്വ ച പുണ്യലക്ഷണാ*
   *അപേക്ഷ്യതേ സാധുജനേന വൈദികി*
   *ശ്മശാനരൂപസ്യ ന യൂപസത്ക്രിയ*

   -വ്യാഖ്യാനിക്കുക.
9. *ധർമ്മോഹിയത് നൈഃ പുരുഷേണ സാദ്ധ്യ:*
   *ഭൂജംഗ ജിഹ്വാചപലാനുപശ്രീഃ*
   *തസ്മാത് പ്രജാപാലന മാത്രബുദ്ധ്യാ*
   ഹതേഷുദേഹേഷു ഗുണാ ധരന്തേ

   -വ്യാഖ്യാനിക്കുക.
10. തത്പുരുഷ സമാസഭേദങ്ങൾ ഉദാഹരണ സഹിതം വിശദമാക്കുക.



11. *"ധിഗ് ദത്തസ്യ ന പ്രതി ഗൃഹ്ണാമി"* -ആരുടെ വാക്കുകൾ
12. *യഥാ ശ്രുതം വേദ വിദാം പര ത്വയാ*
    *ജനോ്യയമുച്ചൈ പദലങ്ഘനോത്സുകഃ*
    *തപഃ കിലേദം തദവാപ്തി സാധനം*
    *മനോരഥാനാമഗതിന വിദ്യതേ*

    -വ്യാഖ്യാനിക്കുക.
13. "ബുദ്ധ്വാമാംച ശശാപകലാ വിഫലാന്യസ്ത്രാണിതേ സന്ത്വ'തി" -സന്ദർഭം വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കുമാരസംഭവം എന്ന കാളിദാസന്റെ മഹാകാവ്യത്തെ ആസ്പദമാക്കി വിവരിക്കുക.
15. ഭാസന്റെ കർണഭാരം രൂപകം അടിസ്ഥാനമാക്കി കർണ്ണന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.
16. കുമാരസംഭവം മഹാകാവ്യം ആസ്പദമാക്കി കാളിദാസന്റെ രചനാപാടവം വ്യക്തമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU LSC 2206

**എം. എ. മലയാളം (സാഹിത്യപഠനം)**

# പ്രാചീന-മധ്യകാല കവിത

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'എതുക' എന്നാലെന്ത്?
2. 'ദണ്ഡകം' എന്നാലെന്ത്?
3. 'മുത്തമിഴ് കാവ്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
4. കഥകളിയിൽ ഇല്ലാത്ത അഭിനയസമ്പ്രദായം ഏത്?
5. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യം ഏത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. *'മനസിപൊറുക്ക മഹാജനമെല്ലാം'* -എന്ന ക്ഷമാപണത്തിന്റെ ഹേതു എന്ത്?
7. *'രക്ഷോരാജന്നിളയ സഹജാ ലക്ഷ്മണം രാക്ഷസീവ'* -വിവക്ഷിതം വ്യക്തമാക്കുക.
8. പ്രാചീനചമ്പുക്കളും മധ്യകാലചമ്പുക്കളും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.
9. നളചരിതം ആട്ടക്കഥയുടെ ഭാഷാരീതിയെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
10. *'അറിയാഞ്ഞിട്ടു ചോദിച്ചേനരിശമുണ്ടാകവേണ്ട'* -സന്ദർഭവും സാരസ്യവും വിശദീകരിക്കുക.
11. പച്ചമലയാള പ്രസ്ഥാനത്തെ സാമാന്യമായി പരിചയപ്പെടുത്തുക.



12. ദ്വിതീയാക്ഷരപ്രാസവാദം എന്നാലെന്ത്?
13. മാപ്പിള രാമായണത്തിന്റെ ഇതിവൃത്തവും ആഖ്യാനവും മലയാളത്തിലെ മറ്റു രാമായണാഖ്യാനങ്ങളിൽനിന്നും വ്യത്യസ്തത പുലർത്തുന്നത് എങ്ങനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പാട്ടിന്റെ നിർവചനം വിശദീകരിച്ച്, കണ്ണശ്ശരാമായണം പാട്ടുപ്രസ്ഥാനവുമായി പുലർത്തുന്ന ബന്ധവും അകലവും എപ്രകാരമെന്ന് ഉപന്യസിക്കുക.
15. 'ലളിതസുന്ദരമായി തത്വശാസ്ത്രാഖ്യാനം നിർവഹിക്കുന്നു എന്നതാണ് ജ്ഞാനപ്പാനയുടെ പ്രത്യേകത' -ചർച്ചചെയ്യുക.
16. വടക്കൻപാട്ടുകളെ മുൻനിർത്തി മലയാളകവിതയിലെ വാമൊഴിപാരമ്പര്യത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU LSC 2207

**എം. എ. മലയാളം (സാഹിത്യപഠനം)**

# ചെറുകഥാ സാഹിത്യം

സമയം: **3** മണിക്കൂർ — മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. *"ഇന്നത്തോംകൊണ്ട് തീർന്നല്ലോ പെണ്ണേ നിന്റെ ദുരിതം"* ആരുടെ വാക്കുകൾ? സന്ദർഭമേത്?
2. *"ഈ വിഡ്ഢിത്വത്തിന്റെ സമ്പാദ്യം ആറുമാസം പന്ത്രണ്ടടിയും തന്നെ"* -ആശയം വിശദമാക്കുക.
3. *''ഇവിടാകുമ്പോ ഉപ്പുമാവും തിന്നേച്ച് വെശക്കാണ്ടെങ്കിലുമിരിക്കാലോ"* ആരുടെ വാക്കുകൾ? ആശയമെന്ത്?
4. *"മൂന്നു പ്രവിശ്യകളുടെയും സന്തതിയായ രാച്ചിയമ്മ"* എന്ന വിശേഷണത്തിന്റെ പൊരുളെന്ത്?
5. *'എനിയ്ക്ക് ഗോവക്കാരനാണെന്നവകാശപ്പെടാൻ യോഗ്യതയില്ല'* -ആശയമെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. റിയലിസത്തിൽ നിന്ന് കാൽപനികതയിലേക്കുള്ള ചെറുകഥയുടെ പരിണാമത്തിൽ ശ്രദ്ധേയമായ പങ്കു വഹിച്ച കഥാകൃത്തുക്കളെ പരിചയപ്പെടുത്തുക?
7. ''എന്റെ മോഡൽ നിശ്ചയിക്കുന്നത് നിങ്ങളോ ഞാനോ?" സ്വേച്ഛാധികാരത്തിനെതിരെയുള്ള ഈ ചോദ്യമാണ് 'മോഡൽ' എന്ന കഥയുടെ കാതൽ' -വിശദമാക്കുക.
8. ഒരു കുറ്റാന്വേഷണകഥയെന്ന നിലയിൽ 'ഉളിപിടിച്ചകൈ' എന്ന കഥയെ പരിഗണിക്കാമോ? വിമർശനാത്മകമായി വിലയിരുത്തുക.



9. "പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥയാണ് ഗൗരി" - വിശദീകരിക്കുക?
10. "മനസ്സിന്റെ സങ്കീർണ ഭാവങ്ങളെ സൂക്ഷ്മമായും വസ്തുനിഷ്ഠമായും ആവിഷ്കരിക്കുന്ന റിയലിസ്റ്റിക് കഥാകാരനാണ് കാരൂർ" - മരപ്പാവകൾ എന്ന കഥയെ മുൻനിർത്തി ചർച്ച ചെയ്യുക?
11. 'മാവോയിസ്റ്റ്' എന്ന പേര് ആ കഥയ്ക്ക് എത്രത്തോളം അനുയോജ്യമാണ്? വിശദീകരിക്കുക?
12. "വാഷ്ബേസിനിൽ കിടന്ന് ശ്വാസം കിട്ടാതെ പിടയുന്ന ചേറ്റുമീനുകൾ ജാതിവെറിയുടെ പ്രതീകങ്ങളാണ്" സമർത്ഥിക്കുക.
13. പുതുകഥകളുടെ ആഖ്യാനപരമായ സവിശേഷതകൾ വിശദീകരിക്കുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പുനരധിവാസത്തിന്റെ നോവുകളെ അടയാളപ്പെടുത്തുന്ന കഥയാണ് 'വാസ്തുഹാര' ചർച്ച ചെയ്യുക?
15. ആദ്യകാല ചെറുകഥകളുടെ രചനാപരവും ഇതിവൃത്തപരവുമായ സവിശേഷതകൾ വിവരിക്കുക?
16. "ഭാഷ തന്നെ സവിശേഷ ആഖ്യാനമാതൃകയായിത്തീരുന്നവയാണ് സി. അയ്യപ്പന്റെ കഥകൾ"പ്രേതഭാഷണം എന്ന കഥയെ മുൻനിർത്തി ചർച്ച ചെയ്യുക?

******

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലയാള നിരൂപണത്തിൽ ഒളിത്, സ്ത്രീ, പരിസ്ഥിതി വാദചിന്തകൾ എപ്രകാരമാണ് പുതിയ വായനകളെ സാധ്യമാക്കിയത് എന്ന് പരിശോധിക്കുക.

15. മലയാളനിരൂപണത്തെ വ്യത്യസ്തങ്ങളായ ദിശകളിലേക്ക് നയിച്ചവരാണ് എം. പി. പോൾ, കേസരി, മാരാർ, മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപ്പിള്ള എന്നിവർ ഉദാഹരണസഹിതം വിശദീകരിക്കുക.

16. 'മലയാളത്തിലെ ആധുനിക നിരൂപണത്തിന്റെ ഭാവുകത്വമാറ്റത്തിൽ കെ. പി. അപ്പൻ, വി. രാജകൃഷ്ണൻ, ആശാമേനോൻ, ആർ. നരേന്ദ്രപ്രസാദ്, ബി. രാജീവൻ തുടങ്ങിയവരുടെ പങ്ക് പരിശോധിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU LSC 2208

## എം. എ. മലയാളം (സാഹിത്യപഠനം)

## മലയാളനിരൂപണം

സമയം: **3** മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സാഹിത്യപഞ്ചാനനന്റെ കാഴ്ചയിൽ എഴുത്തച്ഛന്റെ കാലഘട്ടം ഏത്? "നാകസ്യാനൂനസൗഖ്യം" എന്നത് എന്തിന്റെ സൂചനയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

2. "ഈ ഭീമനോവലിന്റെ ആദ്യത്തെ മൂന്ന് ഭാഗങ്ങൾ ചാറ്റോ ആൻഡ് വിണ്ടസ് എന്ന കമ്പനിക്കാരും ഒടുവിലത്തെ രണ്ടു ഭാഗങ്ങൾ ആൾഫ്രഡ് നോപ്ഫ് എന്ന കമ്പനിക്കാരും ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്" ആരുടെ രചന? കൃതി ഏത് സവിശേഷത എന്ത്?

3. സാഹിത്യത്തെക്കുറിച്ച് ലെനിനിന്റെ കാഴ്ചപ്പാട് എന്ത് എന്താണ് എം. തോമസ് മാത്യു നിരീക്ഷിക്കുന്നത്?

4. 'ഓറിയന്റലിസം' എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താവാര്? ഗ്രന്ഥത്തിലെ പ്രധാന ചർച്ചാവിഷയം എന്ത്?

5. ഭാഷയുടെ 'നിഷേധമൂല്യം' എന്ന ആശയവും തുടർന്നുള്ള ഭാഷാവിചാരങ്ങളും ബ്ലാങ്ഷോയ്ക്ക് കൈവന്നത് എവിടെ നിന്നാവാം എന്നാണ് 'അജ്ഞാതമായുള്ള അഭിമുഖങ്ങൾ' എന്ന ലേഖനത്തിൽ ലേഖകൻ നിരീക്ഷിക്കുന്നത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മലയാളത്തിലെ ഗവേഷണാത്മക നിരൂപണത്തിന്റെ ആദ്യകാല മാതൃകകളിലൊന്നാണ് 'കാന്താരതാരകം' സമർത്ഥിക്കുക.



7. മലയാള നിരൂപണത്തിന്റെ വളർച്ചയെ 'പ്രസാദവാദം' സ്വാധീനിച്ചിട്ടുണ്ടോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

8. ബാഹ്യമായ യാതൊരു ഗുണത്തിലും സൗന്ദര്യത്തിനു സുസ്ഥിരവും സുപരിനിഷ്ഠിതവുമായ ഒരു അധിഷ്ഠാനം ആരും കണ്ടെത്തിയിട്ടില്ല എന്ന തന്റെ വാദഗതിയെ എം. പി. പോൾ ശക്തിപ്പെടുത്തുന്നതെങ്ങനെ?

9. "സാഹിത്യകാരൻ ജനങ്ങളോടൊപ്പം ചിന്തിക്കുവാനല്ല യത്നിക്കേണ്ടതും വർത്തിക്കേണ്ടതും – ജനങ്ങളെക്കൊണ്ട് തന്റെ കൂടെ ചിന്തിപ്പിക്കുവാനാണ്" മാരാരുടെ വാദഗതിയുടെ സാധുത വിലയിരുത്തുക.

10. കൃതിയെ അതിന്റെ അഗാധതലങ്ങളിലേക്ക് കടന്നുചെന്ന് അപഗ്രഥിച്ച് വിശകലനം ചെയ്യുന്ന ഒന്നാണ് എം. പി. ശങ്കുണ്ണി നായരുടെ 'കണ്ണീർപ്പാടം' എന്ന പഠനം. സമർത്ഥിക്കുക.

11. പാരിസ്ഥിതിക നിരൂപണത്തിൽ സ്വതന്ത്രമായ ഒരു വഴിവെട്ടിത്തെളിയിച്ച നിരൂപകനാണ് ജി. മധുസൂദനൻ സമർത്ഥിക്കുക.

12. സംസ്കാരപഠനം, സംസ്കാരനിരൂപണം എന്നിവ എന്തെന്ന് വിശദമാക്കുക.

13. താരതമ്യ വിമർശനത്തിന്റെ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ചെറുകഥകളെ അപഗ്രഥിക്കുന്ന രീതിയാണ് വി. രാജകൃഷ്ണൻ അവലംബിച്ചിരിക്കുന്നത് എന്ന് പറയാമോ? വിലയിരുത്തുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU LSC 2209

## എം. എ. മലയാളം (സാഹിത്യപഠനം)

## വിവർത്തനപഠനം

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഡിഫറൻസ് ഇൻ ട്രാൻസിലേഷൻ എന്ന ദറിദയുടെ ആശയം വ്യക്തമാക്കുക.
2. 'നിസ്സംസ്കൃതവത്കരണം' എന്നാലെന്ത്?
3. വിവർത്തനത്തെ സംബന്ധിച്ച പ്രാഥമിക സാങ്കേതിക സംജ്ഞകൾ പരിചയപ്പെടുത്തുക.
4. ട്രാൻസ്ക്രിയേഷൻ എന്നാലെന്ത്?
5. വിവർത്തനത്തിൽ സമമൂല്യതയുടെ പ്രാധാന്യം എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഹെബർമാസിന്റെ പൊതുമണ്ഡലം എന്ന ആശയം പരിഭാഷയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുന്നതെങ്ങനെ? വ്യക്തമാക്കുക.
7. തർജ്ജമ മൊഴിമാറ്റത്തിനപ്പുറമാണ് ബഹുമുഖസാഹിത്യവ്യവസ്ഥയുടെ സാധ്യതകൾ പരിശോധിക്കുക.
8. വിവർത്തനീയതയുടെ പരിമിതികൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
9. വിവർത്തനപ്രക്രിയയുടെ ഇന്ത്യൻ പാരമ്പര്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.
10. ബംഗാളിനോവലുകളുടെ വിവർത്തനം ഇന്ത്യൻ ദേശീയതയുടെ വളർച്ചയിലും പ്രാദേശികവൽക്കരണത്തിലും വഹിച്ച പങ്ക് വ്യക്തമാക്കുക.



11. വൈജ്ഞാനികപാഠങ്ങളുടെ വിവർത്തനം മലയാളത്തിൽ – ഉദാഹരണസഹിതം വ്യക്തമാക്കുക.
12. പരിഭാഷകളുടെ സ്വീകരണത്തിൽ അധീശപ്രത്യയശാസ്ത്രങ്ങൾ സ്വാധീനിക്കുന്നുണ്ട്. ശാകുന്തളത്തെ മുൻനിർത്തി പരിശോധിക്കുക.
13. സക്കറിയയുടെ കഥയിൽ നിന്നും വിധേയൻ എന്ന സിനിമ നിർമ്മിക്കുന്നതിനെ തർജ്ജമയായി പരിഗണിക്കാൻ കഴിയുമോ പരിശോധിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാഷാഭിമുഖ്യത്തിൽ നിന്നും സാംസ്കാരികാഭിമുഖ്യത്തിലേക്ക് വളർന്ന തർജ്ജമപഠനത്തിന്റെ സാധ്യതകൾ വിലയിരുത്തുക.
15. അധികാരം പരിഭാഷയെ സംബന്ധിച്ചിടത്തോളം പല രീതിയിൽ പ്രസക്തമാണ് ഉദാഹരണസഹിതം വിവരിക്കുക.
16. സർഗ്ഗാത്മകകൃതികളുടെ വിവർത്തനം മലയാളത്തിൽ ചരിത്രദൃഷ്ട്യാ പരിശോധിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU LSC 2210

**എം. എ. മലയാളം (സാഹിത്യപഠനം)**

# വ്യാകരണം

സമയം: **3** മണിക്കൂർ

മാർക്ക് **70**

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കാരിതം എന്നാലെന്ത്?
2. ''പദമെന്നാൽ പ്രയോഗിപ്പാൻ സജ്ജമായുള്ള ശബ്ദമാം'' -വിശദീകരിക്കുക.
3. അനുനാസികാതി പ്രസരം എന്നാലെന്ത്?
4. "വകാരാഗമമേ ചേരൂ" എവിടെയെല്ലാം?
5. പൂജകബഹുവചനം എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വർത്തമാനകാല പ്രത്യയത്തിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?
7. മലയാളത്തിലെ ലിംഗ പ്രത്യയങ്ങൾ ഉദാഹരണസഹിതംവിശദീകരിക്കുക?
8. ഭാഷയിലെ പ്രധാന തദ്ധിതങ്ങളെ വിശദീകരിക്കുക?
9. അനുപ്രയോഗം - പ്രാക് പ്രയോഗം എന്നിവ വിശദമാക്കുക?
10. ക്രിയാവിഭജനം സോദാഹരണം വിശദമാക്കുക.
11. മലയാളത്തിലെ ആദേശസന്ധി നിയമങ്ങൾ വിശദീകരിക്കുക?



12. മലയാളത്തിലെ അക്ഷരങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?
13. സമാസം എന്നാലെന്ത്? വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളപാണിനിയുടെ നാമവിഭജനം വിശദീകരിക്കുക.
15. മലയാളത്തിലെ വിഭക്തികളും പ്രത്യയങ്ങളും വിശദീകരിച്ച് അവയ്ക്ക് പേരുകൾ കണ്ടെത്തിയതിന് എൻ ആർ. പറയുന്ന കാരണങ്ങൾ യുക്തി സഹമാണോ എന്ന് പരിശോധിക്കുക?
16. പ്രകാരം എന്നാലെന്ത്? എത്രവിധം? ഉദാഹരണസഹിതം വിശദീകരിക്കുക?

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU LSC 2311

## എം. എ. സാഹിത്യപഠനം

## സാഹിത്യവിമർശന തത്ത്വങ്ങൾ

സമയം: **3** മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. നീതിയുടെ രാഷ്ട്രവ്യവസ്ഥ വിശദമാക്കുന്ന പ്ലാറ്റോയുടെ ഗ്രന്ഥം?
2. ആധുനികത (Modernity) ആധുനികതാവാദം (Modernism) എന്തെന്ന് നിർവചിക്കുക.
3. പോയറ്റിക്സിൽ എത്ര അധ്യായങ്ങളുണ്ട്?
4. Tradition and individual Talent ആരുടെ പ്രബന്ധം?
5. ദണ്ഡകത്തെ നിർവ്വചിക്കുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. എന്താണ് സാംസ്കാരിക ഭൗതികവാദം?
7. ലോംഗിനസിന്റെ ഉദാത്തതാവാദത്തെക്കുറിച്ചെഴുതുക.
8. ലിംഗം (Sex), ലിംഗപദവി (Gender) എന്തെന്ന് വ്യക്തമാക്കി ഇവയ്ക്കുണ്ടായ അർത്ഥ പരിണാമങ്ങൾ ചർച്ച ചെയ്യുക.
9. ക്രോച്ചേയുടെ ആവിഷ്കാരവാദത്തിന്റെ കാൽപനിക സ്വഭാവമെന്ത്?
10. നികഷോപല സിദ്ധാന്തം എന്തെന്ന് വിവരിക്കുക.
11. അഭിവ്യക്തിവാദം, ഭുക്തിവാദം എന്തെന്ന് വിശദീകരിക്കുക.



12. കല കലയ്ക്കുവേണ്ടി എന്ന വാദം ക്രോഡീകരിക്കുക.
13. അവിവക്ഷിതവാച്യം, വിവക്ഷിതാന്യപര വാച്യം എന്നിവ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. അപനിർമ്മാണ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ ചർച്ച ചെയ്യുക.
15. ശൈലീനിഷ്ഠ നിരൂപണം, മാർക്സിസ്റ്റ് നിരൂപണം, ഘടനാവാദം, ചിഹ്നശാസ്ത്രം എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.
16. 'വിഭാവാനുഭാവവ്യഭിചാരീ സംയോഗാത് രസനിഷ്പത്തി' - ഭരതന്റെ രസസിദ്ധാന്തത്തെ കുറിച്ച് ഉപന്യസിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU LSC 2312

## എം. എ. സാഹിത്യപഠനം

## നാടകം

സമയം: 3 മണിക്കൂർ | മാർക്ക് : 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'Body become all eye' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്? ഇതിന്റെ പ്രസക്തിയെന്ത്?
2. ഡിവൈസ് തിയ്യറ്ററിന് ഉദാഹരണമായി പറയാവുന്ന രണ്ട് അന്താരാഷ്ട്ര അവതരണങ്ങളുടെ പേരെഴുതുക.
3. 'ഇപ്റ്റ' എന്നാലെന്ത്?
4. 1943-ലെ ബംഗാൾ ക്ഷാമത്തെ പുരസ്കരിച്ച് ഇന്ത്യയിൽ വന്ന രണ്ട് നാടകങ്ങൾ?
5. നാട്യശാസ്ത്രമനുസരിച്ചുള്ള ആട്ടച്ചിട്ടകൾ ഏതെല്ലാം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സ്റ്റാനിസ്ലാവ്സ്കി, മേയർ ഹോൾഡ്, സാമുവൽ ബക്കറ്റ് ഗ്രോട്ടോപ്സ്കി എന്നിവരുടെ നാടക സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക.
7. സംസ്കൃത നാടകങ്ങൾക്ക് ആധുനിക നാടകവേദിയിലെ ഏത് മെതേഡിനോടാണ് താരതമ്യം സാധ്യമാകുക? വിശദീകരിക്കുക.
8. 'ക്രൈം' എന്ന നാടകത്തിന്റെ രാഷ്ട്രീയദർശനം എന്ത് എന്ന് സി.ജെയുടെ കാഴ്ചപ്പാടുകളെ മുൻനിർത്തി പരിശോധിക്കുക.
9. മലയാളത്തിലെ തനതുനാടകവേദിയുടെ പ്രഭാവവും വർത്തമാനവും കാവാലം, ജി. ശങ്കരപ്പിള്ള, താജ് എന്നിവരെ മുൻനിർത്തി എഴുതുക.



10. ആധുനിക നാടകവേദിയിലെ പ്രധാന ചലനങ്ങൾ ഏതെല്ലാം?
11. യോഗക്ഷേമ നാടകങ്ങളുടെ രാഷ്ട്രീയ സൈദ്ധാന്തികതയിൽ വിമർശനമുണ്ടോ? പരിശോധിക്കുക.
12. ഇബ്സനെയും എൻ. കൃഷ്ണപിള്ളയേയും താരതമ്യം ചെയ്യുക.
13. സംഗീത നാടകങ്ങളുടെ കാലഘട്ടം നിലനിൽക്കാതിരുന്നതെന്തുകൊണ്ട് എന്ന് അപഗ്രഥിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളത്തിലെ വൈദേശിക നാടകസ്വാധീനവും സമീപകാലത്തെ ഇറ്റ്ഫോകിന്റെ ചരിത്രവും പരിശോധിക്കുക.
15. ആധുനിക നാടക സങ്കേതങ്ങൾ, പ്രസ്ഥാനങ്ങൾ, രീതികൾ, പ്രധാന വ്യക്തികൾ - ഉപന്യസിക്കുക.
16. മലയാളത്തിലെ സ്ത്രീനാടകവേദിയുടെ ചരിത്രം പരിശോധിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU LS OE 2313

**എം. എ. സാഹിത്യപഠനം**

# വൈക്കം മുഹമ്മദ് ബഷീർ
## -സാഹിത്യവും പഠനവും

സമയം: 3 മണിക്കൂർ　　　　　മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ബഷീറിന്റെ ആദ്യത്തെ ചെറുകഥ ഏതായിരുന്നു? ആരാണ് പ്രസിദ്ധീകരിച്ചത്?
2. ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ എന്ന ഗ്രന്ഥം എഴുതിയതാര്?
3. ബഷീർ തിരക്കഥ എഴുതി 1964ൽ പുറത്തുവന്ന സിനിമയേത്? അതിന് ആധാരമായ ചെറുകഥ ഏതായിരുന്നു?
4. പ്രേമലേഖനം, ശശിനാസ് എന്നിവ സംവിധാനം ചെയ്തത് ആരൊക്കെ?
5. വട്ടനടിമ, ജമീലാബീഗം, നിസാർ അഹമ്മദ്, ഒറ്റക്കണ്ണൻ പോക്കര് എന്നീ കഥാപാത്രങ്ങൾ ഏതെല്ലാം കൃതികളിൽ ഉള്ളവരാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ബഷീർ കൃതികളുടെ വിവർത്തനത്തിൽ അനുഭവിച്ച പങ്കപ്പാടുകളെപ്പറ്റി ആർ.ഇ ആഷർ പറയുന്നതെന്തൊക്കെയാണ് എന്ന് ചുരുക്കി എഴുതുക.
7. ബഷീറിന്റെ കേരള നവോത്ഥാന ഭാവനയുടെ സങ്കൽപ്പമെന്തായിരുന്നു?
8. ആയിഷയും നിസാർ അഹമ്മദും ചേർന്ന് തിരുത്തപ്പെടേണ്ടവളാണോ കുഞ്ഞുപാത്തുമ്മ? വിമർശനാത്മകമായി പരിശോധിക്കുക.
9. ലൈംഗിക ന്യൂനപക്ഷങ്ങൾ മലയാളകഥാസാഹിത്യത്തിൽ ആദ്യം പ്രത്യക്ഷമാകുന്നത് ശബ്ദങ്ങളിലാണോ?



10. ‘ഞാൻ തനിച്ചായി ഞാൻ ആ സുഗന്ധം പരത്തുന്ന ചുവന്ന റോസാപ്പൂ കയ്യിലെടുത്തു നോക്കിക്കൊണ്ട് ആ പെരുവഴിയിൽ സ്തബ്ധനായി വളരെയേറെ നേരം നിന്നു’ പ്രണയത്തിൽ നിന്നും വേർപെട്ടവന്റെ വേദന ഈ വാക്യങ്ങൾ എത്രമാത്രം ആവാഹിക്കുന്നുണ്ട്?
11. പാരിസ്ഥിതികമായ ചിന്തകൾ കാലംതെറ്റി പ്രകടിപ്പിച്ചയാളാണ് ബഷീർ എന്ന് ജി. മധുസൂദനൻ രേഖപ്പെടുത്തുന്നുണ്ട്. എത്രത്തോളം വാസ്തവം ഇതിലുണ്ട്?
12. ബഷീറിന്റെ സ്വാതന്ത്ര്യബോധവും ദേശീയതാസങ്കല്പവും പുലർത്തിയിരുന്ന സ്വഭാവത്തെപ്പറ്റി എഴുതുക.
13. ബാല്യകാലസഖി മലയാള സാഹിത്യത്തിൽ എന്തെങ്കിലും സവിശേഷമായ മാറ്റം കൊണ്ടുവന്നു എന്ന് കരുതുന്നുണ്ടോ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. താൻ എഴുതുന്നത് വരെ സാഹിത്യത്തിലും ഭാഷയിലും ഇടം ലഭിക്കാതിരുന്ന ജീവിതങ്ങൾക്കും വാക്കുകൾക്കും ബഷീർ പ്രവേശം നൽകി എന്ന വാദത്തിൽ കഴമ്പുണ്ടോ?
15. സമകാലികരെ അപേക്ഷിച്ചു ആധുനിക പ്രവണതകളോട് ആദ്യം അടുപ്പം കാണിച്ചയാളാണ് ബഷീർ എന്ന കെ.എം. തരകന്റെ അഭിപ്രായത്തിൽ എത്രമാത്രം വസ്തുതകളുണ്ട്?
16. കറുത്ത ഹാസ്യം കൊണ്ടും കാരിക്കേച്ചർ സൃഷ്ടി കൊണ്ടും ഭാഷ കൊണ്ടും സൃഷ്ടിക്കപ്പെട്ട ബഷീറിയൻ മാജിക് അനന്വയമായി തീർന്നതിന്റെ രഹസ്യമെന്തായിരുന്നു? അന്വേഷിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU LSC 2314

**എം. എ. സാഹിത്യപഠനം**

# തിരക്കഥ സിനിമാപഠനം

സമയം: **3** മണിക്കൂർ — മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'ഒഡേസാ പടവുകൾ' ഏതു സിനിമയിലേതാണ്?
2. ഫെയ്ഡ് ഇൻ, ഫെയ്ഡ് ഔട്ട് ഇവ എന്താണ്?
3. മലകളിൽ മഞ്ഞു പെയ്യുന്നു എന്ന കൃതി ആരുടെ സിനിമയെപ്പറ്റിയുള്ള പഠനമാണ്?
4. ഉദകപ്പോള, പുനർജ്ജന്മം എന്നീ കൃതികൾ ഏതൊക്കെ പേരിലാണ് സിനിമ ആയത്?
5. ചെമ്മീൻ എന്ന സിനിമ അരയന്മാരെ അപമാനിക്കുന്ന സിനിമയാണ് എന്ന് ലേഖനം എഴുതിയത് ആരായിരുന്നു?അദ്ദേഹം ഉന്നയിച്ച പ്രധാന ആരോപണം എന്തായിരുന്നു?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ചലച്ചിത്രകർത്താവ് എന്ന ആശയത്തെപ്പറ്റി എഴുതുക.
7. ചിത്രാംഗത എന്ന ബംഗാളി സിനിമയുടെ സവിശേഷത എന്താണ്?
8. മരണവും ജീവിതവും നിഴലും വെളിച്ചവും കളിക്കുന്ന ദാർശനിക സമസ്യയാണോ സെവൻത് സീൽ എന്ന് അന്വേഷിക്കുക.
9. മലയാള സിനിമയിലെ ഹൈന്ദവ പുനരുത്ഥാനത്തെപ്പറ്റി എഴുതുക.



10. മതിലുകൾ, ജെല്ലിക്കെട്ട് എന്നീ സിനിമകൾ അനുകല്പനം ചെയ്തപ്പോൾ സാഹിത്യത്തിൽനിന്നും വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്?
11. ഷോർട്ട് സീൻ സീക്വൻസ് എന്നിവ വിശദീകരിച്ച ശേഷം അതിലെ രാഷ്ട്രീയത്തെപ്പറ്റി എഴുതുക.
12. സിനിമ ഒരു വിനോദോപാധിയാണോ?
13. മലയാളസിനിമയിൽ പിതൃ അധികാരത്തെ വിമർശിക്കുന്ന സിനിമകൾ ഉണ്ടാകുന്നുണ്ടോ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജനപ്രിയ സിനിമകൾ സ്ത്രീവിരുദ്ധവും മുസ്ലിം വിരുദ്ധവുമാണ് തുടങ്ങിയ ആരോപണങ്ങളിൽ വസ്തുതയുണ്ടോ?
15. മലയാള സിനിമയുടെ ചരിത്രവും വർത്തമാനവും വിശകലനം ചെയ്യുക.
16. സിനിമയിലെ അനുകല്പന സിദ്ധാന്തങ്ങളെ വിശകലനം ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU LS E 2315

**എം. എ. സാഹിത്യപഠനം**

# കഥേതര സാഹിത്യം

സമയം: 3 മണിക്കൂർ　　　　　　　　　　　　　　മാർക്ക് : 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ‘ഗദ്യസാഹിത്യചരിത്രം’ - ആരുടെ കൃതി?
2. ‘രസികരഞ്ജിനി’ മാസിക ആരംഭിച്ചത് ആര്?
3. വർത്തമാനപ്പുസ്തകത്തിന്റെ ഇതിവൃത്തം എന്ത്?
4. ‘മാർക്സിനെപ്പറ്റി’ എന്ന ജീവചരിത്രഗ്രന്ഥം എഴുതിയത് ആര്? പ്രസാധനവർഷം ഏത്?
5. ‘വൈജ്ഞാനികവിപ്ലവം - ഒരു സാംസ്കാരിക ചരിത്രം’ എന്ന കൃതി രചിച്ചത് ആര്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കഥാസാഹിത്യം/കഥേതരസാഹിത്യം എന്ന വിഭജനത്തിന്റെ യുക്തി വിമർശനാത്മകമായി വിലയിരുത്തുക.
7. ‘ചെറുകാടിന്റെ ജീവിതപ്പാതയെ ഫിക്ഷന്റെ തലത്തിലേക്കുയർത്തുന്നത് പാത്രനിർമാണചാതുരിയും നാടകീയതയുമാണ്’. കുഞ്ഞമ്മാൻ എന്ന കഥാപാത്രത്തെയും 1924-ലെ വെള്ളപ്പൊക്കമെന്ന സംഭവവിവരണത്തെയും ആധാരമാക്കി ഈ പ്രസ്താവത്തോട് പ്രതികരിക്കുക.
8. രമ്യോപന്യാസത്തിന്റെ സാമൂഹിക ധർമ്മങ്ങളെക്കുറിച്ച് ‘മീറ്റിംഗ് ചടങ്ങ്’ ആധാരമാക്കി പര്യാലോചിക്കുക.
9. ജീവചരിത്രരചനയെ സംബന്ധിച്ച പി.കെ. പരമേശ്വരൻ നായരുടെ നിലപാടുകൾ സി.വി. രാമൻപിള്ള എന്ന ജീവചരിത്രത്തെ മുൻനിർത്തി വിമർശനാത്മകമായി വിലയിരുത്തുക.



10. ബാലിദ്വീപിൽ നിലനിന്ന ജാതിവ്യവസ്ഥ, വിവാഹ സമ്പ്രദായങ്ങൾ- ഇവയെ സംബന്ധിച്ച എസ്.കെയുടെ വിവരണങ്ങൾ ക്രോഡീകരിക്കുക?
11. ‘സ്വന്തമായ ആഖ്യാനപരതയിൽ നിന്നുകൊണ്ട് ഒരു ദലിത് പൊതുവ്യക്തിത്വം മലയാളത്തിൽ എഴുതിയ ആദ്യത്തെ ആത്മകഥയാണ് ദലിതൻ’-കെ.കെ. ബാബുരാജിന്റെ ഈ പ്രസ്താവത്തെ ‘ദലിതൻ’ എന്ന ആത്മകഥയോട് ചേർത്തുവെച്ച് പരിശോധിക്കുക.
12. ‘ഇവനെന്റെ പ്രിയ സി.ജെ’ - എന്ന കൃതിയുടെ ആഖ്യാനപരമായ സവിശേഷതകൾ പരിശോധിക്കുക.
13. വൈജ്ഞാനിക സാഹിത്യരംഗത്തെ എൻ.വി. കൃഷ്ണവാരിയരുടെ സംഭാവനകളെ കുറിച്ച് ഉപന്യസിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പ്രാചീന-മധ്യകാല മലയാളഗദ്യത്തിന്റെ പരിണാമങ്ങളെയും വിശകലനസാധ്യതകളെയും കുറിച്ച് ഉപന്യസിക്കുക?
15. ‘ജീവിതപ്പാത’ ഒരു പരിധിവരെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവിതരേഖ കൂടിയാണ്-കൃതിയുടെ ഉള്ളടക്കത്തോട് ബന്ധപ്പെടുത്തി ഈ പ്രസ്താവത്തെ പരിശോധിക്കുക.
16. മലയാളയാത്രാവിവരണ സാഹിത്യത്തിലെ എസ്.കെ. പൊറ്റക്കാടിന്റെ സംഭാവനകളെ കുറിച്ച് ഉപന്യസിക്കുക?

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

**MU LS E 2316**

**എം. എ. സാഹിത്യപഠനം**

# എഴുത്തച്ഛൻ കൃതികൾ

സമയം: 3 മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം. -ആരുടെ വരികളാണ്?
2. മലയാളത്തിലെഴുതിയ ഉപനിഷത്ത് എന്ന് ഹരിനാമകീർത്തനത്തെ വിശേഷിപ്പിച്ചതാർ?
3. എഴുത്തച്ഛൻ ഉപയോഗിച്ചിട്ടില്ലാത്ത കിളിപ്പാട്ടുവൃത്തം ഏതാണ്?
4. *'അൻപേണമെന്മനസി ശ്രീ നീലകണ്ഠഗുരു-*
*വംഭോരുഹാക്ഷമിതി വാഴ്ത്തുന്നു ഞാനുമിഹ'*

-എന്ന് ഗുരുവിനെ സ്മരിക്കുന്ന കൃതി ഏതാണ്?

5. എഴുത്തച്ഛനെ പുതുമലയാണ്മതൻ മഹേശ്വരൻ എന്ന് വിശേഷിപ്പിച്ച കവി ആരാണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കണ്ണശരാമായണത്തിലും കൃഷ്ണഗാഥയിലും ആവിഷ്കരിക്കപ്പെടുന്ന ഭക്തിക്ക് എഴുത്തച്ഛനിലെത്തുമ്പോൾ സംഭവിക്കുന്ന മാറ്റം ചർച്ച ചെയ്യുക.
7. കിളിപ്പാട്ടു വൃത്തങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
8. *'രാമരാമേതി മുറയിടുന്നോൾ, തവ*
*ഭാമിനി തന്നെയവളെന്നതേ വരൂ'*

- സന്ദർഭം ഏതാണ്?

9. *'ഈ വന്ന മോഹമകലെപ്പോവതിനു പുന-*
*രീ വണ്ണമുള്ളൊരുപദേശങ്ങളില്ലുലകിൽ'*

-വ്യാഖ്യാനിക്കുക.



10. എഴുത്തച്ഛന്റെ കാലനിർണയവുമായി ബന്ധപ്പെട്ട വസ്തുതകൾ വിലയിരുത്തുക.
11. *'അടിയനേതുമൊന്നറിഞ്ഞീലാ പോറ്റി!*
*ഉടമയോടെന്നെപ്പരിപാലിക്കേണം'*

- സാഹചര്യം എന്താണ്?

12. ആഖ്യാനതലത്തിൽ എഴുത്തച്ഛന്റെ സംഭാവനകളെ വിലയിരുത്തുക.
13. *"നിന്നുടെ ഭർത്താവ് ദേഹമോ ജീവനോ?*
*ധന്യേ! പരമാർത്ഥ മെന്നോടു ചൊല്ലു നീ*
*പഞ്ചഭൂതാത്മകം ദേഹമേറ്റം ജഡം*
*സഞ്ചിതം ത്വങ്മാംസ രക്താസ്ഥികൊണ്ടെടോ!"*

- വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാഷയിലെ കിളിപ്പാട്ടു പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.
15. സംസ്കൃതത്തെയും പച്ചമലയാളത്തെയും ഒരുമിപ്പിച്ചു മുന്നോട്ടു പോകാൻ എഴുത്തച്ഛന്റെ ഭാഷാ പ്രയോഗത്തിന് സാധിച്ചിട്ടുണ്ട് - പരിശോധിക്കുക.
16. കീർത്തന സാഹിത്യത്തിൽ ഹരിനാമകീർത്തനത്തിനുള്ള പ്രാധാന്യം വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലൈ - 2023**

# MULS C 2417

**എം. എ. മലയാളം (സാഹിത്യപഠനം)**

# സാഹിത്യവും സംസ്കാരപഠനവും

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'കൾച്ചർ' എന്ന പദത്തെ റെയ്മണ്ട് വില്യംസ് നിർവ്വചിക്കുന്നതെങ്ങനെ?
2. സംസ്കൃതം എന്ന പദത്തിന്റെ നിഷ്പത്തി പരിശോധിക്കുക.
3. 'Uses of Literacy' ആരുടെ കൃതി? പ്രാധാന്യമെന്ത്?
4. സൊസ്സൂർ ഭാഷയെ നാലു ദ്വന്ദ്വങ്ങളായി തിരിക്കുന്നതെങ്ങനെ?
5. സ്വത്വം, കർത്തൃത്വം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഗൂഗി വാ തിയാംഗോയുടെ പ്രാധാന്യം വിശദമാക്കുക.
7. സംസ്കാരത്തിലെ ഉച്ച/നീച ഭേദങ്ങളെ സംസ്കാര പഠനം എങ്ങനെ നോക്കിക്കാണുന്നു? വിശദമാക്കുക.
8. ചരിത്രത്തിന്റെ അപകോളനീകരണത്തെക്കുറിച്ച് ക്ലോഡ് അൽവാരിസ് പറയുന്നതെന്തെല്ലാം?
9. ഘടനാവാദത്തിൽ നിന്നും ഘടനാവാദാനന്തര ചിന്തയിലെത്തുമ്പോൾ സംഭവിക്കുന്ന തത്വപരമായ മാറ്റം വിശകലനം ചെയ്യുക.
10. മലയാള സാഹിത്യ ചരിത്രത്തിലെ മേല്ക്കോയ്മാസ്ഥാനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.



11. ശാസ്ത്രവും സംസ്കാരത്താൽ നിർണയിക്കപ്പെടുന്നു എന്നു പറയുന്നത് ശരിയോ? വിശദമാക്കുക.
12. നോവൽ എന്ന സാഹിത്യരൂപത്തെ ഒരു സാംസ്കാരികോൽപ്പന്നം എന്ന നിലയിൽ വിശദമാക്കുക.
13. ബി. രാജീവന്റെ രചനകൾ സംസ്കാരപഠന മാതൃകകൾ എന്ന നിലയിൽ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാംസ്കാരികോല്പന്നം എന്ന നിലയിൽ സാഹിത്യത്തെ വിലയിരുത്തുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങളും പരിമിതികളും വിശദമാക്കുക.
15. ചിഹ്നവിജ്ഞാനീയം സാഹിത്യപഠനത്തെ സഹായിക്കുന്നതെങ്ങനെയെല്ലാം? മാതൃകകളെ മുൻനിർത്തി വിശദമാക്കുക.
16. ഗായത്രി സ്പിവാക്കിന്റെ ചിന്തകളെ സാമാന്യമായി പരിചയപ്പെടുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MULS E 2418

**എം. എ. മലയാളം (സാഹിത്യപഠനം)**

# കേരള സംസ്കാരം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഐപ്പെരും കാവ്യങ്ങളിൽ ജൈനമത സ്വാധീനം കാണുന്ന കൃതികൾ ഏവ?
2. കെ. കേളപ്പന്റെ ഗുരുവായൂർ സത്യാഗ്രഹ ഉപവാസം അവസാനിപ്പിക്കാൻ ഗാന്ധിജി നിരത്തിയ യുക്തികൾ എന്തെല്ലാം?
3. ഇസ്ലാംമതവുമായി ബന്ധപ്പെട്ട പെരുമാൾ കഥയെന്ത്?
4. കളരിയിലെ അങ്കത്താരി എന്ന അഭ്യാസത്തിന്റെ സവിശേഷതയെന്ത്?
5. തൊപ്പിക്കല്ലുകൾ എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തനങ്ങൾ കേരളീയ സാമൂഹ്യമുന്നേറ്റങ്ങൾക്ക് ഊർജ്ജമായതെങ്ങനെയെല്ലാമാണെന്ന് ചർച്ച ചെയ്യുക?
7. 'സ്വതന്ത്രഭാരതത്തിൽ വഴിനടക്കാൻ വേണ്ടി നടന്ന സമരമെന്ന നിലയിൽ ശ്രദ്ധേയമാണ് പാലിയം സമരം' – വിശദീകരിക്കുക.
8. "ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ ക്രൈസ്തവ മതാധികാരത്തിന്റെ ഉള്ളറകളെ തുറന്നു കാണിക്കുന്നതാണ്" – വിശദീകരിക്കുക.
9. കേരള ചരിത്രത്തിൽ മിഷനറിമാർക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക?
10. ആയ് രാജവംശത്തെ സാമാന്യമായി പരിചയപ്പെടുത്തുക?



11. മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് വിവരിക്കുക.
12. 'യക്ഷഗാനം' എന്ന കലാരൂപത്തെ സാമാന്യമായി പരിചയപ്പെടുത്തുക.
13. സംഘകാലത്തെ സാമൂഹ്യജീവിതത്തെക്കുറിച്ച് വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കൂടിയാട്ടത്തിനുള്ള ആട്ടപ്രകാരങ്ങൾ ജനകീയ കലാരൂപങ്ങളുടെ മേലുള്ള നിയന്ത്രണത്തിന്റെ ആദ്യ സൂചികയാണ്" – കെ.എൻ. ഗണേശിന്റെ ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.
15. "കേരളീയ നവോത്ഥാനത്തിന്റെ കീഴാളധാരയെ പിൽക്കാല നവോത്ഥാന പഠനങ്ങൾ വേണ്ടത്ര പരിഗണിച്ചിട്ടില്ല" – ഈ പ്രസ്താവനയെക്കുറിച്ച് ചർച്ച ചെയ്യുക?
16. കേരള സംസ്കാര/ചരിത്ര രചനയ്ക്ക് സഹായകമായ ഉപാദാന സാമഗ്രികളെ പരിചയപ്പെടുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MULS E 2420

**എം. എ. മലയാളം (സാഹിത്യപഠനം)**

## കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 2022–ലെ ലിപിപരിഷ്കരണത്തിന്റെ ഭാഗമായി കേരള സർക്കാർ അവതരിപ്പിച്ച യുനിക്കോഡ് ഫോണ്ടുകൾ പരിചയപ്പെടുത്തുക.
2. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ്–പരിചയപ്പെടുത്തുക.
3. മലയാളത്തിലെ ആദ്യകാല ബ്ലോഗുകൾ പരിചയപ്പെടുത്തുക.
4. കോപ്പിറൈറ്റ് – കുറിപ്പ് തയ്യാറാക്കുക.
5. ടൈപ്പ് സെറ്റിങ്ങിന് ഉപയോഗിക്കുന്ന അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മലയാളത്തിലെ പ്രസാധനമേഖലയെക്കുറിച്ച് ലഘുലേഖനം തയ്യാറാക്കുക.
7. ബുക്ക് മേക്കിംഗിലെ വിവിധ ഘട്ടങ്ങൾ, പ്രക്രിയകൾ എന്നിവ വിശദീകരിക്കുക.
8. ഇ – വായനയുടെ സാധ്യതകൾ വിമർശനാത്മകമായി പരിശോധിക്കുക.
9. സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകളിലെ മലയാള ഭാഷയെ വിമർശനാത്മകമായി വിലയിരുത്തുക.
10. മലയാളത്തിലെ സൈബർ സാഹിത്യത്തെ സാമാന്യമായി പരിചയപ്പെടുത്തുക.



11. 'ഇ– വായനയിൽ ഹൈപ്പർലിങ്കുകൾക്ക് സുപ്രധാന പങ്കുണ്ട്' ഹൈപ്പർലിങ്കുകളുടെ സാധ്യതകളും പരിമിതികളും ഇ– വായനയെ മുൻനിർത്തി വിലയിരുത്തുക.
12. വിവിധ തലമുറയിലെ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ പരിചയപ്പെടുത്തുക.
13. യുനിക്കോഡിന്റെ സാധ്യതകൾ മുൻനിർത്തി മലയാളഭാഷാ സാങ്കേതികവിദ്യയെ വിശകലനം ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സൈബർ സാഹിത്യം, വായനയുടെ പുതിയ സാധ്യതകളും വെല്ലുവിളികളും – ഉപന്യാസം തയ്യാറാക്കുക.
15. മലയാളത്തിലെ സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകളിലെ സാഹിത്യ – സാഹിത്യേതര വിഭവങ്ങളുടെ ആശയപരവും ഘടനാപരവുമായ സവിശേഷതകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
16. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ വികാസം പ്രസാധനരംഗത്ത് വരുത്തിയ മാറ്റങ്ങളെക്കുറിച്ച് 'മലയാളത്തെ മുൻനിർത്തി' വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MULS E 2421

**എം. എ. മലയാളം (സാഹിത്യപഠനം)**

# ലോകസാഹിത്യപരിചയം

സമയം: **3** മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. "എഴുതാൻ കഴിയുമെനിക്കിന്നു രാത്രിയിൽ ഏറ്റവും ദുഃഖാർദ്രമായൊരു കവിത" – ആശയമെന്ത്?
2. ആഫ്രിക്കൻ വാമൊഴിപ്പാട്ടുകളുടെ രണ്ട് സവിശേഷതകൾ എഴുതുക?
3. "ഭാഗ്യമുള്ള ഒരു വഞ്ചിയിലാണ് നീയിപ്പോൾ

    അവരോടൊപ്പം തന്നെ നിൽക്കുന്നതാണ് നല്ലത്" – സന്ദർഭവും ആശയവും വിശദമാക്കുക?
4. 'പീർജിന്റ്' എന്ന നാടകത്തിലെ പ്രധാന കഥാപാത്രങ്ങളുടെ പേരെഴുതുക?
5. "യുദ്ധം എങ്ങനെയാണ് നേരിട്ട് ഹൃദയത്തെ കുത്തിത്തുറക്കുന്നതെന്ന് അനുഭവപ്പെടുത്തുന്ന മനോഹരമായ ഒരു പാട്ട്" – ആശയമെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പെൺശരീരം അനുഭവിക്കുന്ന സങ്കീർണതകളെ 'സ്തനദായിനി' എന്ന കഥ എങ്ങനെയെല്ലാമാണ് ആവിഷ്കരിക്കുന്നത്?
7. 'ഏറ്റവും മികച്ച യുദ്ധവിരുദ്ധ നാടകമാണ് മദർകറേജ്' – ചർച്ച ചെയ്യുക.
8. പീർജിന്റ് എന്ന നാടകത്തിലെ ജോൺജിന്റ് എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിവരിക്കുക.



9. ടാഗോർ കവിതകളിലെ ദേശീയബോധത്തെ കുറിച്ച് ചർച്ച ചെയ്യുക.
10. അനാദിയായ പ്രണയക്കാഴ്ചകളാണ് നെരൂദയുടെ കവിതകൾ – വിശദീകരിക്കുക.
11. "രണ്ട് അങ്കങ്ങളുള്ള ശുഭദുരന്തനാടകമാണ് വെയ്റ്റിംഗ് ഫോർ ഗോഡോ" – വിശദീകരിക്കുക.
12. 'നെല്ലിക്കകൾ' എന്ന കഥക്ക് ഒരാസ്വാദനക്കുറിപ്പെഴുതുക.
13. വിസ്ലാവ സിംബോർഡ്കയുടെ കവിതകൾ മുന്നോട്ടു വെയ്ക്കുന്ന രാഷ്ട്രീയ ദർശനമെന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജീവിതത്തിന്റെ നിരർത്ഥകത വെളിവാക്കുന്ന നോവലാണ് 'അന്യൻ' – വിശകലനം ചെയ്യുക.
15. "അസംബന്ധം എന്ന ദാർശനികാശയത്തെ അഭിസംബോധന ചെയ്യുന്ന നാടകമാണ് കസേരകൾ" – ചർച്ച ചെയ്യുക.
16. "നീഗ്രോവിന്റെ വംശാഭിമാനത്തിൽ നിന്ന് നീങ്ങി മനുഷ്യവർഗത്തിന്റെ പൊതുവായ ധർമ്മവ്യഥകൾ ആവിഷ്കരിക്കുന്നതാണ് ആഫ്രിക്കൻ കവിതകൾ" – വിശദീകരിക്കുക.

******